>> എസ്.എ ജലീൽ

# മനുഷ്യനെ സ്നേഹിച്ച് അല്ലാഹുവിന്റെ പൊരുത്തം നേടുക

عَنْ عَبْدِ الله بْن عُمر رَضِيَ الله عَنْهُمَا أَنَّ رَجُلاً جَاءَ إِلَى رَسُولِ الله ﷺ فَقَالَ: يَا رَسُولَ الله أَيُّ النَّاسِ أَحَبُّ إِلَى الله؟ قَالَ: أَحَبُّ النَّاسِ إِلَى الله أَنْفَعُهُمْ لِلنَّاسِ، وَأَحَبُّ الأَعْمَالِ إِلَى الله عَزَّوَجَلَّ سُرُورٌ تُدْخِلُهُ عَلَى مُسْلِمٍ تَكْشِفُ عَنْهُ كُرْبَةً أَوْ تَقْضِي عَنْهُ دَيْنًا أَوْ تَطْرُدُ عَنْهُ جُوعًا وَلأَنْ أَمْشِي مَعَ أَخٍ فِي حَاجَةٍ أَحَبُّ لِي مِنْ أَنْ أَعْتَكِفَ فِي هَذَا الْمَسْجِدِ شَهْرًا

**അബ്ദുല്ലാഹിബ്നു അംറിൽനിന്ന് നിവേദനം. ഒരാൾ നബി(സ)യുടെ അടുത്ത് വന്നു ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ജനങ്ങളിൽ അല്ലാഹുവിന് ഏറ്റം പ്രിയങ്കരനാരാണ്?" നബി(സ) പറഞ്ഞു: "ജനങ്ങൾക്ക് ഏറ്റം ഉപകാരം ചെയ്യുന്നവൻ. ഒരു മുസ്‌ലിമിന്റെ പ്രയാസം അകറ്റിയോ കടം വീട്ടിയോ വിശപ്പിന് ശമനമേകിയോ അവന് സന്തോഷം ലഭിക്കുന്ന പ്രവർത്തനങ്ങളിലേർപ്പെടലാണ് അല്ലാഹുവിന് ഏറ്റം പ്രിയങ്കരം. ഒരു സഹോദരന്റെ ഏതെങ്കിലും ഒരാവശ്യം സാധിച്ചു കൊടുക്കാൻ അവനോടൊപ്പം നടക്കുന്നതാണ് ഈ പള്ളി(മസ്ജിദുന്നബവി)യിൽ ഒരു മാസം ഇഅ്തികാഫിരിക്കുന്നതിനേക്കാൾ എനിക്ക് പ്രിയങ്കരം." (ത്വബ്റാനി)**

**അല്ലാഹുവിന്** പ്രിയങ്കരമായതും അവന്റെയടുക്കൽ പ്രതിഫലാർഹവുമായ ഒട്ടനവധി കാര്യങ്ങൾ വിശുദ്ധഖുർആനും തിരുസുന്നത്തും എടുത്തു പറയുന്നുണ്ട്. കരുത്തുറ്റ മതിൽകെട്ടുപോലെ അണി ചേർന്ന് അല്ലാഹുവിന്റെ മാർഗത്തിൽ അടരാടുന്നവരെയാണ് അവന് ഏറെ ഇഷ്ടം എന്ന് സൂറത്തു സ്വഫ്ഫ് നാലാം ആയത്തിൽ കാണാം. ത്വബ്റാനി ഉദ്ധരിച്ച ഒരു ഹദീസിൽ, അല്ലാഹുവിന് അവന്റെ ദാസന്മാരിൽ ഏറ്റം പ്രിയങ്കരൻ അവരിലെ ഉത്തമസ്വഭാവിയാണെന്ന് പറയുന്നു. ലോക സ്രഷ്ടാവിന്റെ അടുക്കൽ ആദരണീയനാവുന്നതിനേക്കാൾ സൗഭാഗ്യം ഈ ലോകത്ത് മറ്റെന്താണുള്ളത്? അല്ലാഹുവിന്റെ ഇഷ്ടക്കാരനാവുന്നതിന്റെ മഹത്വം ഒരു ഹദീസിൽനിന്ന് ഇങ്ങനെ മനസ്സിലാക്കാം. റസൂൽ(സ) പറഞ്ഞു: "അല്ലാഹു അവന്റെ അടിമകളിലൊരാളിൽ തൃപ്തിപ്പെട്ടാൽ ജിബ്‌രീലി(അ)നോട് വിളിച്ചു പറയും: ഞാൻ ഇന്ന വ്യക്തിയെ ഇഷ്ടപ്പെടുന്നു. താങ്കളും അയാളെ ഇഷ്ടപ്പെടുക. ജിബ്‌രീൽ(അ) ആകാശ ലോകത്തുള്ളവരോടും ഇക്കാര്യം പറയും. അവരും അപ്രകാരം ചെയ്യും. പിന്നീട് ആ വ്യക്തിക്ക് ഭൂമിയിൽ സ്വീകാര്യത കിട്ടും." അല്ലാഹുവിന്റെയടുക്കൽ പ്രിയങ്കരനാവുന്നതിന്റെ മഹത്വം നിസ്സാരമല്ലെന്ന് ചുരുക്കം.

മേലുദ്ധരിച്ച ഹദീസിൽ, പരോപകാരിയെയും സേവന സന്നദ്ധതയുള്ള പൊതുപ്രവർത്തകനെയുമാണ് അല്ലാഹുവിന് ഏറെ ഇഷ്ടമെന്ന് പറഞ്ഞിരിക്കുന്നു. മസ്ജിദുന്നബവിയിൽ ഒരു മാസം ഇഅ്തികാഫിരിക്കുന്നതിനേക്കാൾ പ്രവാചകനിഷ്ടം സഹോദരന്റെ പ്രയാസം കണ്ട് മനസ്സിലാക്കി അതു പരിഹരിച്ചു കൊടുക്കുന്നതാണെന്ന ഹദീസിന്റെ പരാമർശം ശ്രദ്ധേയമാണ്. "എന്റെ ഈ മസ്ജിദി(മസ്ജിദുന്നബവി)ൽ ഒരു നേരത്തെ നമസ്കാരം ആയിരം നമസ്കാരങ്ങളെക്കാൾ പുണ്യകരമാണെന്നാണ് നബി(സ) പറഞ്ഞത്. ഇതൊരിക്കലും ജനോപകാരമാണ് ഇഅ്തികാഫിനെക്കാൾ നല്ലതെന്ന പ്രസ്താവനക്ക് വിരുദ്ധമല്ല. രണ്ടു ഹദീസുകളെയും സമാഹരിച്ചുകൊണ്ട് ഇബ്നുഉസൈമീൻ പറയുന്നു: "ജനോപകാര പ്രവർത്തനം ഇഅ്തികാഫിനേക്കാൾ പുണ്യകരം തന്നെ. കാരണമതിന്റെ ഗുണം വ്യക്തിയിൽ പരിമിതമല്ല. ആരിലെങ്കിലും പരിമിതമായ ഗുണത്തേക്കാൾ ശ്രേഷ്ഠകരം എല്ലാവർക്കും ഗുണം ലഭിക്കുന്ന കാര്യമാണ്; പരിമിത ഗുണം ലഭിക്കുന്ന കാര്യം ഇസ്‌ലാമിന്റെ നിർബന്ധ ബാധ്യതകളിലൊന്നാണെങ്കിൽ ബാധ്യത നിർവഹിക്കുകയാണ് വേണ്ടതെന്ന നിബന്ധനയോടെ."

പ്രയാസങ്ങൾ അനുഭവിക്കുന്നവന് അത്താണിയാകുന്ന, വിശപ്പുള്ളവന്റെ അഭയകേന്ദ്രമാകുന്ന, കടക്കാരന് ആശ്വാസം നൽകുന്ന വിശ്വാസത്തിന് മാത്രമേ അല്ലാഹുവിന്റെയടുക്കലും പ്രവാചകന്റെയടുക്കലും സ്ഥാനമുള്ളൂ. ആദം പുത്രാ, ഞാൻ നിന്നോട് ഭക്ഷണം ചോദിച്ചപ്പോൾ നീ എന്തുകൊണ്ട് എനിക്ക് ഭക്ഷണം തന്നില്ല എന്ന് പരലോകത്ത് അല്ലാഹു ചോദിക്കുമെന്ന് നബി(സ) നമ്മെ അറിയിച്ചിട്ടുണ്ട്. അപ്പോൾ മനുഷ്യൻ പറയും: "എന്റെ രക്ഷിതാവേ, ഞാൻ എങ്ങനെ അങ്ങയെ ഭക്ഷിപ്പിക്കാനാണ്. അങ്ങ് സർവലോക രക്ഷിതാവല്ലേ?" അല്ലാഹു പറയും: "എന്റെ ഒരു ദാസൻ നിന്നോട് ഭക്ഷണം ചോദിച്ചിരുന്നില്ലേ? നീ അവന് ഭക്ഷണം നൽകിയില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ അത് നിനക്ക് എന്റെയടുക്കൽ കാണാമായിരുന്നല്ലോ." ആരാധനയും കർമവും ഇപ്രകാരം ഒത്തുകൊണ്ടുപോകുന്നവർക്ക് അല്ലാഹുവിന്റെ സഹായം സദാ ഉണ്ടാവും. ഈ ഉറപ്പ്, ചെയ്യുന്ന പ്രവൃത്തിയിൽ ആത്മവിശ്വാസവും നൈരന്തര്യവും ഉണ്ടാക്കും. റസൂൽ(സ) പറഞ്ഞു: "ആരെങ്കിലും ഒരു വിശ്വാസിയുടെ പ്രയാസമകറ്റിയാൽ പരലോകത്തെ പ്രയാസത്തിൽനിന്നു അല്ലാഹു അവന് ആശ്വാസമേകും. ക്ലേശമനുഭവിക്കുന്നവന് എളുപ്പമുണ്ടാക്കിക്കൊടുത്താൽ ദുനിയാവിലും പരലോകത്തും അല്ലാഹു അവന് എളുപ്പമുണ്ടാക്കും. ഒരു ദാസൻ അവന്റെ സഹോദരനെ സഹായിക്കുന്നേടത്തോളം കാലം അല്ലാഹു ആ ദാസനെ സഹായിക്കും."

മനുഷ്യരോടു മാത്രമല്ല, ജീവനുള്ള എല്ലാ ജന്തുക്കളോടും കാരുണ്യവും അലിവും ഉണ്ടാവണം. പച്ചക്കരളുള്ള ഏതിനോടും നിങ്ങൾ ചെയ്യുന്ന പ്രവൃത്തിയിൽ പ്രതിഫലമുണ്ടെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. മോശക്കാരിയായ ഒരു സ്ത്രീ, ദാഹിച്ചു വലഞ്ഞ പട്ടിക്ക് വെള്ളം നൽകിയതിന്റെ പേരിൽ അവരുടെ പാപങ്ങൾ പൊറുക്കപ്പെട്ടതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു ഹദീസിൽ കാണാം. പരോപകാരത്തിന് പാപമോചനവും ലഭിക്കുമെന്ന ഇത്തരം സന്തോഷ വർത്തമാനങ്ങൾ വിശ്വാസിസമൂഹം ഊർജമായി സ്വീകരിച്ച് പ്രവർത്തന രംഗത്തേക്ക് കൂടുതൽ ഉണർവോടെ മുന്നേറേണ്ടിയിരിക്കുന്നു. ■

*jaleelk3@gmail.com*